സ.ഉ.(സാധാ) നം.142/2024/LBR

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലെ അലോപ്പതി വിഭാഗത്തിലെ കിടക്കകളിൽ 10 എണ്ണം ആയുർവേദ വിഭാഗത്തിലേക്ക് മാറ്റി ആയുർവേദ വിഭാഗത്തിലെ കിടക്കകൾ 30 ആയി വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.142/2024/LBR തീയതി,തിരുവനന്തപുരം, 06-02-2024

പരാമർശം:- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 12.06.2023, 26.10.2023 എന്നീ തീയതികളിലെ ബി2-492/2023/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലെ അലോപ്പതി വിഭാഗത്തിൽ 90 കിടക്കകളും ആയുർവേദ വിഭാഗത്തിൽ 20 കിടക്കകളുമാണുള്ളതെന്നും ടി ആശുപത്രിയിലെ ആയുർവേദ വിഭാഗത്തിൽ 10 കിടക്കകൾ കൂടി ഉൾപ്പെടുത്തി 30 കിടക്കകളായി ഉയർത്തുന്നതിന് 31/05/2018-ൽ കൂടിയ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ആറാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തിരുന്നുവെന്നും ആയതിനാൽ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലെ അലോപ്പതി വിഭാഗത്തിലെ കിടക്കകളിൽ 10 എണ്ണം ആയുർവേദ വിഭാഗത്തിലേക്ക് മാറ്റി ആയുർവേദ വിഭാഗത്തിലെ കിടക്കകളുടെ എണ്ണം 30 ആയി ഉയർത്തണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ടി ആശുപത്രിയിലെ അലോപ്പതി വിഭാഗത്തിലെ ബെഡ് ഒക്കുപൻസി റേറ്റ് കുറവായതിനാൽ 10 കിടക്കകൾ കുറച്ചാലും ആയത് അലോപ്പതി വിഭാഗത്തിൽ ചികിത്സ തേടുന്ന ഇ.എസ്.ഐ ഗുണഭോക്താക്കളെ ബാധിക്കില്ലായെന്നും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന് യാതൊരു കാരണവശാലും അധികബാധ്യത ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലെ അലോപ്പതി വിഭാഗത്തിൽ നിലവിലുള്ള കിടക്കകളിൽ നിന്നും 10 എണ്ണം പ്രസ്തുത ആശുപത്രിയിലെ തന്നെ ആയുർവേദ വിഭാഗത്തിലേക്കായി മാറ്റി ക്രമീകരിച്ചുകൊണ്ട് ആയുർവേദ വിഭാഗത്തിലെ കിടക്കകളുടെ ആകെ എണ്ണം 30 ആക്കി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 06-02-2024 13:37:33
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.